# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6642** **21.11.2019-ൽ മറുപടിയ്ക്ക്**

**മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടികൾ**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ; | എ) മനുഷ്യാരോഗ്യത്തിന് ഹാനികരമായ രാസ പദാർത്ഥങ്ങൾ ചേർത്ത് മത്സ്യവിപണനം തടയുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി ജില്ലകൾ തോറും രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം സജീവമാണ്. രാസവസ്തുക്കൾ കലർത്തിയിട്ടുള്ള മത്സ്യ വിൽപ്പന തടയുവാൻ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും, ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും പരിശോധന നടത്തി വരുന്നു. 2017 മുതൽ ഇത്തരത്തിൽ 388 പരിശോധനകൾ നടത്തുകയും ആയതിൻ പ്രകാരം 300 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യവിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് |

| | | | |
|---|---|---|---|
| | | | സാങ്കേതികവിദ്യ മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Himedia Company - ക്ക് കൈമാറുകയും, അവർ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്ത് ലഭ്യമാക്കുകയും ചെയ്തു വരുന്നു. ഇത് പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്കും ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിധ്യം മനസിലാക്കാവുന്നതാണ്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; 2018-19 വർഷത്തിലെ കണക്ക് പ്രത്യേകം നൽകാമോ? | ബി) | ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷ വകുപ്പിൽ ആകെ 11 കേസ്സുകൾ നിലവിലുണ്ട്. 2018-19 ൽ 10 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**